പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5965

04.11.2016 -ൽ
മറുപടിയ്ക്ക്

**ലോ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ലോ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ നിയമനത്തിലും പ്രൊമോഷൻ നൽകിയതിലും നിരവധി അപാകതകൾ വന്നിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് അർഹതപ്പെട്ടവർക്ക് പ്രിൻസിപ്പൽമാരായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കാലാകാലങ്ങളിലായി സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് സർക്കാർ ലോ കോളേജുകളിൽ പ്രിൻസിപ്പൽമാരെ നിയമിച്ചിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി യു.ജി.സി മാനദണ്ഡങ്ങൾ പാലിച്ച് പ്രിൻസിപ്പൽമാരുടെ നിയമനം നടത്തണമെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത വിധി നടപ്പാക്കേണ്ടത് സംബന്ധിച്ച നടപടികൾ തുടർന്നുവരുന്നു. |
| (ബി) | ലോ കോളേജ് അദ്ധ്യാപകരുടെ പ്ലേസ്മെന്റിലെ കാലതാമസം ഒഴിവാക്കി അർഹതപ്പെട്ടവർക്ക് അടിയന്തര പ്ലേസ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15.09.2015 തീയതിയിൽ സ.ഉ (സാധാ) നമ്പർ 2393/15/ഉ.വി.വ ഉത്തരവ് പ്രകാരം ലോ കോളേജ് അദ്ധ്യാപകർക്ക് പ്ലേസ്മെന്റ് നടത്തുന്നതിനായി ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | നിയമ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | (സി) | സംസ്ഥാനത്ത് മികച്ച രീതിയിലാണ് നിയമ വിദ്യാഭ്യാസം നൽകുന്നത്. കൂടുതൽ നടപടികൾ ആവശ്യമാണെന്ന് കാണുന്നപക്ഷം ആയത് വിശദമായി പരിശോധിച്ച് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ